**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 229** **27-01-2026 - ൽ മറുപടിയ്ക്ക്**

**അത്യാധുനിക മെഷീനായ ജെൻ റോബോട്ടിക് ഉൾപ്പെടെയുള്ള സംവിധാനങ്ങളുള്ള ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ അത്യാധുനിക മെഷീനായ ജെൻ റോബോട്ടിക് ഉൾപ്പെടെയുള്ള സംവിധാനങ്ങളുള്ള എത്ര ആശുപത്രികൾ നിലവിലുണ്ട്; പ്രസ്തുത ആശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ ഒഴിവുകൾ എത്രയെന്ന് ആശുപത്രി തിരിച്ച് നൽകാമോ ; | (എ) | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലാണ് അത്യാധുനിക മെഷീനായ ജെൻ റോബോട്ടിക് സംവിധാനമുള്ളത്. പ്രസ്തുത ആശുപത്രിയിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ ഒഴിവുകൾ ഇല്ല. |
| (ബി) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഫിസിയോതെറാപ്പി സേവനത്തിനായി ദിവസേന എത്തുന്ന രോഗികളുടെ ശരാശരി എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ദിവസേന 75-ൽ അധികം രോഗികൾ ഫിസിയോതെറാപ്പി സേവനത്തിനായി എത്തുന്നു. |
| (സി) | ഇത്രയും രോഗികളെ കൈകാര്യം ചെയ്യുന്നതിനായി പ്രസ്തുത ആശുപത്രിയിൽ എത്ര സ്ഥിരം ഫിസിയോതെറാപ്പിസ്റ്റുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ ; | (സി) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 2 സ്ഥിരം ഫിസിയോതെറാപ്പിസ്റ്റുകൾ ഉണ്ട്. |
| (ഡി) | തിരുവനന്തപുരം ജില്ലയിലെ മറ്റ് ജനറൽ ആശുപത്രികളിൽ സ്ഥിരം ഫിസിയോതെറാപ്പിസ്റ്റുകളുടെ പുതിയ തസ്തിക സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ? | (ഡി) | തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ നിലവിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ